**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി നിരഞ്ജന ബാബുരാജിന് അസിസ്റ്റന്റ് എൻജിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.3172/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.12.2018

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.10.2018 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2 ശ്രീമതി നിരഞ്ജന ബാബുരാജിന്റെ 01.11.2018 ലെ അപേക്ഷ.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.11.2018 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.11.2018 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീമതി നിരഞ്ജന ബാബുരാജ് ഇപ്പോൾ മിലിറ്ററി എൻജിനീയറിംഗ് സർവീസിന് കീഴിൽ ജൂനിയർ എൻജിനീയർ ആയി ജോലി നോക്കി വരികയാണെന്നും, നിലവിലുള്ള പ്രോജക്റ്റുകൾ പൂർത്തികരിക്കുന്നതിനായി, സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് 10.01.2019 വരെ സമയം നീട്ടി നൽകണമെന്നും സൂചന 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ സൂചന 3 പ്രകാരം അപേക്ഷകയ്ക്ക് 26.11.2018 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 10.01.2019 വരെ നീട്ടുന്നതിന് സൂചന 4 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി നിരഞ്ജന ബാബുരാജിന്റെ അപേക്ഷ കണക്കിലെടുത്ത്, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾക്ക് ഇളവുനൽകികൊണ്ട് ശ്രീമതി നിരഞ്ജന ബാബുരാജിന്റേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് 10.01.2019 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ 11.01.2019 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത് വി.പി.**

അണ്ടർ സെക്രട്ടറി

1. ശ്രീമതി നിരഞ്ജന ബാബുരാജ്, 35/1947 ബി.ടി.എസ്. റോഡ്, എളമക്കര പി.ഒ., എറണാകുളം, കൊച്ചി -26 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ